ഉത്തരം

(എ)&(ബി) സംസ്ഥാനത്തെ ഉപഭോക്തൃ സംരക്ഷണ കോടതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്താറുണ്ട്. ഉപഭോക്തൃ കോടതികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി കേന്ദ്ര സർക്കാരിൽ നിന്നും 190 ലക്ഷം രൂപ ലഭിക്കുകയുണ്ടായി. 1998-99 വരെ സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്നും 203 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 1999-2000 സാമ്പത്തിക വർഷം 50 ലക്ഷം രൂപയാണ് ഈയിനത്തിൽ വകകൊള്ളിച്ചിട്ടുള്ളത്. ആധുനിക ഓഫീസുപകരണങ്ങളായ കംപ്യൂട്ടർ, ഇലക്ട്രോണിക്സ് ടൈപ്പ് റൈറ്റർ, ഫോട്ടോകോപ്പിയർ തുടങ്ങിയവ സ്ഥാപിച്ച് ഉപഭോക്തൃ കോടതികൾ നവീകരിച്ചിട്ടുണ്ട്. കോടതികളുടെ അടിസ്ഥാന സൗകര്യങ്ങൾ ബലപ്പെടുത്തുന്നത് കൂടാതെ ഉപഭോക്തൃ കോടതികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. സംസ്ഥാന കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗ് സൗകര്യത്തോടുകൂടി എറണാകുളത്ത് കമ്മീഷനും ഫോറത്തിനുമായി സ്വന്തമായി കെട്ടിടം പണിതുകഴിഞ്ഞു. ഇടുക്കിയിൽ ജില്ലാഫോറത്തിനുള്ള കെട്ടിടം പൂർത്തിയായിവരുന്നു. തിരുവനന്തപുരത്ത് സംസ്ഥാന കമ്മീഷനും ഫോറത്തിനുമായി സ്വന്തമായി ആസ്ഥാനമന്ദിരത്തിന്റെ പണി പുരോഗമിച്ചുവരുന്നു. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പണി ആരംഭിക്കുന്നതാണ്. കോഴിക്കോട് ജില്ലാഫോറത്തിന് സിവിൽ സ്റ്റേഷന്റെ പുതിയ ബ്ലോക്കിൽ സൗകര്യപ്രദമായ സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഇല്ല. കേരളത്തിൽ ഉപഭോക്തൃ കോടതികളുടെ പ്രവർത്തനം ഇപ്പോൾ വളരെ നല്ലനിലയിലാണ് നടന്നുവരുന്നത്.

(ഡി) ഉപഭോക്തൃ സംരക്ഷണ ചട്ടത്തിൽ പരാതികളിൻമേൽ ഒരു നിശ്ചിത കാലയളവിനുള്ളിൽ തീർപ്പ് കൽപ്പിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സാധാരണ പരാതികളിൽ 90 ദിവസങ്ങൾക്കുള്ളിൽ തീർപ്പ് കൽപ്പിക്കണമെന്നാണ് വ്യവസ്ഥ.

(ഇ) ഉത്തരവുകൾ കാലതാമസംകൂടാതെ നടപ്പിലാക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

നെയ്യാറ്റിൻകര കോടതി കെട്ടിട സമുച്ചയം

135 (846)ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കോടതി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പണികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൽ കേന്ദ്ര സർക്കാരിന്റെ വിഹിതമായി എത്രയാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാന സർക്കാർ ആവശ്യമായ ഫണ്ടനുവദിക്കാത്തതുകൊണ്ടാണ് പ്രസ്തുത കെട്ടിട സമുച്ചയത്തിന്റെ പൂർത്തീകരണത്തിന് കാലതാമസം ഉണ്ടാകുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്ഥല പരിമിതി കാരണം വളരെ ബുദ്ധിമുട്ടുന്ന കോടതികൾ എത്രയും വേഗം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) രണ്ടു ഘട്ടത്തിലായാണ് ഇതിന്റെ പണി നടത്തുന്നത്. ഒന്നാം ഘട്ടത്തിൽ മേൽക്കൂരവരെയുള്ള പണികളും വരാന്ത ഭാഗത്ത് ഫ്ളോറിംഗ് പണിയുടെ 75 ശതമാനവും പൂർത്തിയായി. വാതിലുകൾ, ജനലുകൾ, പ്ലാസ്റ്റ റിംഗ് എന്നിവ പൂർത്തിയായി. രണ്ടാംഘട്ടത്തിൽ മേൽക്കൂര വരെയുള്ള പണി കൾ പൂർത്തിയായി.

(ബി) 106.13 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പുതിയ കോടതി കെട്ടിടങ്ങൾക്കും ജുഡീ ഷ്യൽ ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സ് നിർമ്മാണത്തിനും മൊത്തമായാണ് കേന്ദ്രവിഹിതം അനുവദിക്കുന്നത്.

(ഡി) നിർമ്മാണച്ചെലവിന്റെ 50% കേന്ദ്ര വിഹിതമായി ലഭിക്കാത്തതി നാൽ ഫണ്ടിന്റെ അഭാവം കോടതി കെട്ടിടങ്ങളുടെ നിർമ്മാണത്തെ മൊത്ത മായി ബാധിക്കുന്നുണ്ട്.

(ഇ) കെട്ടിട നിർമ്മാണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

യൂറോപ്യൻ കമ്മീഷൻ നൽകുന്ന ധനസഹായം

136 (847)ശ്രീ. കെ.സി. വേണുഗോപാൽ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യക്ഷേമ പദ്ധതികൾക്കായി യൂറോപ്യൻ കമ്മീഷൻ ഭാര തത്തിന് നൽകുന്ന സഹായമനുസരിച്ച് സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ഈ പദ്ധതിയുടെ ഗുണം ലഭിക്കും;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(സി) ഈ പദ്ധതിയുടെ കാലാവധി എന്നുവരെയാണ് എന്നറിയിക്കുമോ?

ഉത്തരം

(എ) ആരോഗ്യ ക്ഷേമ പദ്ധതിയായി യൂറോപ്യൻ കമ്മീഷൻ ധനസ ഹായത്തോടെ സംസ്ഥാനത്ത് പൈലറ്റ് പ്രോജക്ട് എന്നനിലയിൽ 'കൊല്ലം ജില്ലയിൽ' 'സെക്ടർ റിഫോംസ് ആക്ടിവിറ്റി' എന്ന ഒരു പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി)) ഈ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിലേയ് ക്കായി സെപ്റ്റംബർ മാസം 24, 25 തീയതികളിൽ സംസ്ഥാനതല വർക്ക്ഷോപ്പ് തിരുവനന്തപുരത്തും 27.28 തീയതികളിൽ കൊല്ലത്ത് ജില്ലാതല വർക്ക്ഷോപ്പും നടത്തിക്കഴിഞ്ഞു. പ്രസ്തുത വർക്ക് ഷോപ്പിൽ എടുത്ത തീരു മാനമനുസരിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ കൈക്കൊ ണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly